# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2757** **20.06.2013-ൽ മറുപടി നൽകേണ്ടത്**

## ബേസിക് ടാക്സ് രജിസ്റ്ററിലെ തിരുത്തലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ | ശ്രീ അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ റവന്യൂ റിക്കാർഡുകളിലെ ബേസിക് ടാക്സ് രജിസ്റ്റർ തിരുത്തുവാൻ അധികാരമുള്ള ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി)<br>സംസ്ഥാനത്തെ റവന്യൂ റിക്കാർഡുകളിലെ ബേസിക് ടാക്സ് രജിസ്റ്റർ തിരുത്തുവാൻ നിലവിൽ ആർക്കുംതന്നെ അധികാരമില്ല. |
| (സി) അധികാരമില്ലാത്ത ഉദ്യോഗസ്ഥർ പ്രസ്തുത രജിസ്റ്ററിൽ മാറ്റം വരുത്തിയ എത്ര കേസുകൾ നിലവിലുണ്ട് എന്ന് ജില്ലതിരിച്ച് വിവരം നൽകുമോ; | (സി) ഇത്തരം കേസുകൾ നിലവിലില്ല |
| (ഡി) നിലത്തിനെ കരഭൂമിയായും നെൽവയൽ നികത്തൽ നിയമത്തിനുശേഷം കരഭൂമിയായി കണക്കാക്കേണ്ട ഇവയെ നിലമായും രേഖപ്പെടുത്തിയത് മാറ്റം വരുത്തുന്നതിന് അധികാരമുള്ള ഉദ്യോഗസ്ഥർ ആരൊക്കെ; ഇത് വ്യക്തമാക്കുന്നതിനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) ആർക്കുംതന്നെ അധികാരം കൊടുത്തിട്ടില്ല. |
| (ഇ) ഇത്തരം കേസുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ അദാലത്തുകൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) ബാധകമല്ല |

സെക്ഷൻ ഓഫീസർ